**121 (287) സഹകരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ**

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്കുവേണ്ടി ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ഒരു സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷൻ രൂപീകരിക്കുവാൻ 1999 ലെ കേരള സഹകരണസംഘം ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**122 (288) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ നടത്തുന്നതിൽനിന്നും സംഘങ്ങളെ വിലക്കിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിന് നടപടി സ്വീകരിച്ചുണ്ടോ;

(സി) നിയന്ത്രണത്തിനു വിരുദ്ധമായി ജീവനക്കാരെ നിയമിച്ചതു സംബന്ധിച്ച് എത്ര സംഘങ്ങളുടെ പേരിൽ അന്വേഷണം നടത്തുന്നുണ്ട്;

(ഡി) ഈ സർക്കാർ നിലവിൽവന്നശേഷം തിരുവനന്തപുരം ജില്ലയിലെ ആനാട്, കരകുളം സഹകരണ ബാങ്കുകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഏതൊക്കെ തസ്തികകളിൽ എത്രപേരെ നിയമിച്ചുവെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) അവർ ഇതുവരെ ശമ്പള ഇനത്തിൽ എന്തു തുകവീതം കൈപ്പറ്റിയിട്ടുണ്ട്.

(ജി) ഇവരെ നിയമിച്ചത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly